# അർദ്ധ വാർഷിക മൂല്യനിർണയം 2011-12

## വയനാട് ജില്ല

സമയം :1.45 മണിക്കൂർ

ക്ലാസ് :10

സ്കോർ :40

### കേരളപാഠാവലി

---

നിർദ്ദേശങ്ങൾ

1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക
2) ആദ്യത്തെ 15 മിനുട്ട് ചോദ്യങ്ങൾ വായിക്കാനുള്ളതാണ് ഈ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല.

1 'ചന്ദ്രൻ ചോദ്യരൂപത്തിൽ ഇന്ദ്രദിക്കിൽ നിന്നെത്തിനോക്കി'

- **ഉതുപ്പാന്റെ കിണർ**

- ഈ വാക്യത്തിന് കഥാസന്ദർഭത്തിലെ ഏറ്റവും യോജിച്ച അർത്ഥമേത്?

i. ചന്ദ്രന് ചോദ്യരൂപത്തിന്റെ ആകൃതിയായിരുന്നു.
ii. ചന്ദ്രന് അയാളുടെ പ്രവൃത്തിയിൽ ആകാംക്ഷയുണ്ടായിരുന്നു.
iii. അയാളുടെ പ്രവൃത്തിയിൽ ചന്ദ്രൻ സാക്ഷിയായി.
iv. ചന്ദ്രൻ അയാളെ ചോദ്യം ചെയ്തു. *(സ്കോർ 2)*

2 "കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളെയെനിക്കെന്തിതു തോന്നുവാൻ"

- ഗാന്ധാരി ഇങ്ങനെ സ്വയം പഴിക്കുന്നതിന്റെ കാരണങ്ങൾ കുറിക്കുക. *(സ്കോർ 2)*

3 'അവ പോയെങ്കിലീഞാൻ മറ്റൊരാളായിത്തീരും
അവനീബന്ധം വിട്ടൊരക്കിലസ്സിനെപ്പോലെ.' **- വിണ്ടകാലടികൾ**

- അക്കിലസ് എന്ന ഗ്രീക്ക് കഥാപാത്രം കവിതാസന്ദർഭത്തിനുനൽകുന്ന ആശയഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

4 'പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി.'
'ജീപ്പിൽ നിന്നിറങ്ങുന്നു നഗരം വീണ്ടും.' **- അടുത്തൂൺ**

- കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു? *(സ്കോർ 4)*

5 "അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. എന്തിനാ ഈ അവധി തരുന്നതെന്നറിയാമോ? വീടുകാണാനാണ്; എല്ലാം കണ്ടിട്ടു പോരണം. ഇനിയും യോഗമുണ്ടെങ്കിലേ അമ്മയേയും മക്കളേയും ഒക്കെ കാണാനൊക്കൂ. നമ്മെ യുദ്ധത്തിനയയ്ക്കാൻ പോവുകയാണ്".

- പട്ടാളക്കാരുടെ ജീവിതത്തിലെ അരക്ഷിതാവസ്ഥ ഈ സംഭാഷണം വെളിപ്പെടുത്തുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക. *(സ്കോർ 4)*

6 "ഒരു സ്ത്രീ അമ്മയാകുമ്പോൾ ലോകത്തിന്റെ മുഴുവൻ അമ്മയാവുകയാണ്".

- ഗാന്ധാരിവിലാപത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരിക്കുക. *(സ്കോർ 4)*

7 എന്തുഭാഗ്യം!
എനിക്ക് എന്തുഭാഗ്യമാണ് ഇപ്പോൾ?

- വാക്യാവസാനത്തിലെ ചിഹ്നങ്ങൾ ശ്രദ്ധിച്ചല്ലോ, ഈ ചിഹ്നങ്ങൾ ധ്വനിപ്പിക്കുന്ന ഭാവതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

8

മണ്ണുമായുള്ള ബന്ധമാണ് തന്റെ ശക്തിയെന്ന് കവി 'വിണ്ടകാലടികൾ' എന്ന കവിതയിലൂടെ വെളിപ്പെടുത്തുന്നു. എന്നാൽ ഇന്ന് മണ്ണിൽ നിന്ന് മനുഷ്യൻ അകലുന്നുണ്ടോ? ഇന്നത്തെ സാമൂഹികാവസ്ഥയിൽ 'വിണ്ടകാലടികൾ' എന്ന കവിതയിലെ പ്രമേയത്തെ വിലയിരുത്തി കുറിപ്പു തയാറാക്കൂ. *(സ്കോർ 6)*

9 പ്രകാശപൂർണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

- ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*

10 "വെട്ടുക, മുറിക്കുക, പങ്കുവെക്കുക
ഗ്രാമം, പത്തനം, ജനപദമൊക്കെയും
കൊന്നും തിന്നും വാഴുക
പുലികളായ് സിംഹങ്ങളായ്
മർത്ത്യനാവുക മാത്രം വയ്യ
ജന്തുത ജയിക്കുന്നു.

........................................................

ശാന്തിതൻ സൗഗന്ധികം
തിരഞ്ഞു പോക നാം ഈ അശാന്തി പർവങ്ങളിൽ"

സ്കൂളിൽ തയാറാക്കുന്ന യുദ്ധവിരുദ്ധ പതിപ്പിൽ ഒ.എൻ.വി.യുടെ ഈ വരികളുടെ ആശയം പരിഗണിച്ചുകൊണ്ട് ഒരു എഡിറ്റോറിയൽ തയാറാക്കുക. *(സ്കോർ 6)*

# അർദ്ധ വാർഷിക മൂല്യനിർണയം 2011-12

## വയനാട് ജില്ല

സമയം :1.45 മണിക്കൂർ

ക്ലാസ് :10

സ്കോർ :40

## അടിസ്ഥാനപാഠാവലി

---

നിർദ്ദേശങ്ങൾ

1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക
2) ആദ്യത്തെ 15 മിനുട്ട് ചോദ്യങ്ങൾ വായിക്കാനുള്ളതാണ് ഈ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല.

1 ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. (സ്കോർ 4)

2 ഉമ്മയുടെ ഒടുങ്ങാത്ത ദുഃഖത്തിന്റെ പ്രതീകമായി 'തോരാമഴ'യെ സങ്കല്പിക്കുന്നതിന്റെ ഔചിത്യം വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. (സ്കോർ 4)

3 തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും പ്രതീക്ഷിച്ച് ഉമിത്തീയിലെന്നപോലെ നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന അമൃതവർഷമായി, അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

- അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. (സ്കോർ 4)

4 " പെട്ടെന്നു വന്നു പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവച്ചു". - തോരാമഴ

"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" - മാമ്പഴം

- ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. (സ്കോർ

5 "വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്".

- കൊച്ചുദുഃഖങ്ങളുറങ്ങു എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

6 സൂചനകൾ വ്യാഖ്യാനിക്കുക

"അക്കൊച്ചു ശാരിക! ഭൂമി കന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ -
നാടു വെടിഞ്ഞുപോം നന്മകൾ തൻകഥ
പാടിയ പൈങ്കിളിപ്പൈതൽ"

- ഈ വരികളിലൂടെ ധ്വനിപ്പിക്കപ്പെടുന്നതെന്തൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

7
- "അടിയനിനിയുമുണ്ടൊരു ജന്മമെന്നാകി-
  ലടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ" - ഉള്ളൂർ.
- "ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,
  നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം!" - **വൈലോപ്പിള്ളി.**

- ജന്മനാടിനോടുള്ള ആത്മബന്ധമാണ് മേൽകൊടുത്തിരിക്കുന്ന വരികളിൽ പ്രകടമാകുന്നത് വിശകലനക്കുറിപ്പ് തയ്യാറാക്കുക. *(സ്കോർ 4)*

8 "ഒരൊറ്റത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീ പിറന്ന നാടിനെ;
വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തതീയമലനാടിനെ"

- ഇന്നത്തെ കേരളത്തെയോർക്കാൻ പ്രവാസികൾക്ക് ഈ ചിഹ്നങ്ങൾ സഹായകമാകുമോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. *(സ്കോർ 4)*

9 **ഒട്ടകം**

പ്രസവിച്ചപ്പോൾ
ഞാൻ ഒട്ടകമാണെന്ന് അമ്മ പറഞ്ഞു.
അതുകൊണ്ട് അമ്മയെന്നെ ആട്ടിയകറ്റി.
മരുഭൂമിയിലേക്കു വിട്ടു:
വീട്ടിലെ സകലഭാരവും
മുതുകിൽ വച്ചുതരാനും മറന്നില്ലമ്മ.
കാലങ്ങളോളം ചുമന്നു ചുമന്ന്....
മരുഭൂമി മുഴുവൻ ചുറ്റിത്തീർത്ത് തീർത്ത്
വീട്ടിലെത്തിയപ്പോൾ
അമ്മയും സഹോദരങ്ങളും ചോദിച്ചു.
ഒട്ടകത്തിനു വീട്ടിലെന്താ കാര്യം?
വല്ല മരുഭൂമിയിലേക്കും പൊയ്ക്കൂടേ?
ഞാനിപ്പോഴും മരുഭൂമിയിലാണ്.

**- ജോർജ് ജോസഫ് കെ.**

- കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

*(സ്കോർ 6)*